**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1176** **31-01-2024 - ൽ മറുപടിയ്ക്ക്**

**അജാനൂർ ഫിഷിങ് ഹാർബർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അജാനൂർ ഫിഷിങ് ഹാർബർ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിലെ ചിത്താരിക്കടപ്പുറം ഉൾപ്പെടുന്ന അജാനൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മാതൃകാപഠന റിപ്പോർട്ട് സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-ൽ നിന്നും ലഭ്യമായതനുസരിച്ച് 101.33 കോടി രൂപയുടെ വിശദമായ പദ്ധതിരൂപരേഖ തയ്യാറാക്കി പ്രധാനമന്ത്രി മത്സ്യസമ്പദ യോജന (PMMSY) സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുന്നതിനായി 24/03/2022 – ലെ ബി1/240/2021/മ.തു.വ നം. കത്ത് പ്രകാരം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. തുടർന്ന് 26/03/2022, 27/03/2022 എന്നീ തീയതികളിൽ നടന്ന പ്രധാനമന്ത്രി മത്സ്യസമ്പദ യോജന (PMMSY) പദ്ധതികളുടെ ടെക്നിക്കൽ സ്കൂട്ടണി കമ്മിറ്റിയിലും പ്രോജക്ട് സാങ്ഷനിംങ് കമ്മിറ്റിയിലും മേൽ പദ്ധതി പരിഗണിച്ചിരുന്നു. ഭാവി വികസനം കൂടി കണക്കിലെടുത്ത് ഹാർബറിന്റെ ബേസിൻ ഏരിയ വലിപ്പം കൂട്ടുന്നതിന് പുതുക്കിയ മോഡൽ സ്റ്റഡി നടത്തുന്നതിനും പുലിമുട്ടിന്റെ flume study നടത്തുന്നതിനും റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ മാതൃകാപഠനത്തിനും സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-നെ ചുമതലപ്പെടുത്തിയിരുന്നു . ഇതിൽ ബേസിൻ ഏരിയ വലുപ്പം കൂട്ടുന്നതിനുള്ള study report –ഉം flume study റിപ്പോർട്ടും സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-ൽ നിന്നും ലഭ്യമായിട്ടുണ്ട് . പഠന റിപ്പോർട്ടനുസരിച്ച് പദ്ധതി രൂപരേഖ പുതുക്കി വരുന്നു. കൂടാതെ റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ അന്തിമ പഠന റിപ്പോർട്ട് കൂടി ലഭ്യമാകേണ്ടതുണ്ട്. ഇതോടൊപ്പം തന്നെ കോസ്റ്റൽ റെഗുലേറ്ററി സോൺ |

| | | | |
|---|---|---|---|
| | | | (CRZ) ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി പരിസ്ഥിതി ആഘാതപഠനം, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് . |
| (ബി) | ആയതിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ബി) | റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ അന്തിമ റിപ്പോർട്ട് കൂടി സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-ൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പദ്ധതി രൂപരേഖ പുതുക്കി സമർപ്പിക്കുന്നതാണ്. പുതുക്കിയ പദ്ധതി രൂപരേഖ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ